ശ്രീ. കെ. നാരായണക്കുറുപ്പ്: കൊല്ലത്ത് എക്സൈസ് കമ്മീഷണറാഫീസ് പണിയുന്നതിനുവേണ്ടി 1978-79-ൽ രണ്ടുലക്ഷത്തി മുപ്പതിനായിരം ഉറുപ്പിക വകകൊള്ളിച്ചിട്ടുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കിക്കൊടുക്കുന്ന ഒരു വകുപ്പ് എന്ന നിലയിൽ ഈ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കാൻ ഇന്ന് ബുദ്ധിമുട്ടുകയാണോ? ഉണ്ടെങ്കിൽ പാർട്ടിഫണ്ടു കളക്ടു ചെയ്തതുപോലെ കോൺട്രാക്ടർമാരിൽ നിന്ന് നിശ്ചിത തുക കളക്ടു ചെയ്തു എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിനു കെട്ടിടത്തിനുള്ള പരിശ്രമം നടത്തുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതാതു ഡിപ്പാർട്ടുമെൻറിന്റെ വരുമാനം ഡിപ്പാർട്ടുമെൻറിന്റെ ചെലവിന് എടുത്തിട്ട് ബാക്കി ട്രഷറിയിൽ അടയ്ക്കുകയാണ് പതിവ്.

ശ്രീ. സി.പി. ഗോവിന്ദൻനമ്പ്യാർ: കെട്ടിടത്തിന് വാടക നിശ്ചയിക്കുന്നത് പി.ഡബ്ലിയു.ഡി. ആണോ, വേറെ ഡിപ്പാർട്ടുമെൻറാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പി. ഡബ്ലിയു.ഡി. ആണ് വാടക നിശ്ചയിക്കുന്നത്.

വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ

* 720 [782] ശ്രീ. എം. വി. രാജൻ:
,, എ. എ. റഹീം:
,, പി. ബാലൻ:
,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു എന്നു പറയാമോ;

(സി) ഈ സ്ഥാപനത്തിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ഡി) ഇതിന്റെ ആഭിമുഖ്യത്തിൽ എത്ര ബോട്ടുകൾ ഉണ്ട്;

(ഇ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈ സ്ഥാപനത്തിന്റെ വരുമാനം എന്ത്;

(എഫ്) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ലാഭമോ നഷ്ടമോ എത്ര?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലഗതാഗതമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ചരക്കും യാത്രക്കാരേയും വഹിച്ചുകൊണ്ടുപോകുന്നതിനുള്ള സർവ്വീസുകൾ നടത്തുകയാണ് കോർപ്പറേഷന്റെ ലക്ഷ്യം. കോർപ്പറേഷന് ഇപ്പോഴുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ഒരു പരിധിവരെ നടത്തിവരുന്നു. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ബാർജ്ജുകൾകൂടി ഇറങ്ങിക്കഴിഞ്ഞാൽ അടുത്ത സാമ്പത്തികവർഷം മുതൽ കാര്യമായ ചരക്കു ഗതാഗതം നടത്താൻ കഴിയും. കോർപ്പറേഷന്റെ വരുമാനത്തിലും ഇത് സാരമായ വർദ്ധനവ് ഉണ്ടാക്കും.

(ഡി) 'വാഹിനി', ''സാമുവൽ'' എന്നീ രണ്ടു ബോട്ടുകളാണ് ഇപ്പോൾ ഉള്ളത്. ഇതിൽ ഒരെണ്ണം കൂടുതൽ ശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ളതും അതുകൊണ്ട് ടഗ്ബോട്ട് ആയി ഉപയോഗിക്കാവുന്നതും ആണ്.

(ഇ) 1976-77-ൽ കോർപ്പറേഷന് വരുമാനമുണ്ടായിട്ടില്ല. 1977-78-ൽ സ്വകാര്യ വ്യക്തികൾക്ക് ബോട്ട് വാടകയ്ക്കു കൊടുത്ത ഇനത്തിൽ രൂപ 3,300 വരുമാനമുണ്ടായി.

(എഫ്) സർവ്വീസ് തുടങ്ങുന്നതിനു മുമ്പു ചെലവായത് 33,974.76 രൂപയും തേയ്മാനത്തിന് മാറ്റിവച്ചതും ഉൾപ്പെടെ 1977-78-ൽ ആകെ 1,11,784.06 രൂപയും കോർപ്പറേഷന് നഷ്ടമുണ്ടായിട്ടുണ്ട്.

ശ്രീ. എം.വി. രാജൻ: ഈ കോർപ്പറേഷന് ഇത്രയധികം നഷ്ടം ഉണ്ടാകാതെയിരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കോർപ്പറേഷന് വലിയ നഷ്ടമൊന്നുമില്ല. കോർപ്പറേഷൻ ആരംഭിച്ചിട്ടേയുള്ളൂ. ആദ്യത്തെ വർഷത്തിൽ ചെലവായ തുകയും പിന്നെ ഡിപ്രിസിയേഷന് ഉള്ള തുകയും ആണ് പറഞ്ഞത്.

ശ്രീ. എ. എ. റഹീം: ഓപ്പറേറ് ചെയ്തതിലുള്ള നഷ്ടം പറഞ്ഞത് രണ്ടു വിധത്തിലാണ്. നേരത്തെ പറഞ്ഞ നഷ്ടവും ഇതുമായി പൊരുത്തപ്പെടുന്നില്ല. നേരത്തെ കൂടുതൽ നഷ്ടമുണ്ടെന്നു പറഞ്ഞു. ഇപ്പോൾ നഷ്ടം കുറഞ്ഞിരിക്കുന്നുവെന്നു പറഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോൾ നഷ്ടം കുറഞ്ഞു വരികയാണ്. അടുത്തവർഷം നഷ്ടം കുറഞ്ഞ് ലാഭത്തിലേക്ക് കടക്കും.

ശ്രീ. പി. ബാലൻ: തേയ്മാനത്തിനു നീക്കിവച്ചതുകൊണ്ടു നഷ്ടം വന്നുവെന്നു മന്ത്രി പറഞ്ഞു. ഈ നഷ്ടം വർദ്ധിച്ചുവരാൻ ഇടയുണ്ടെന്നുള്ളതു കണക്കിലെടുത്ത് നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: രണ്ടുബോട്ടുകളും ആളുകളെ കയറ്റിയിറക്കാൻ ഉപയോഗിക്കുന്നതുകൊണ്ട് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. അതുകൊണ്ട് നഷ്ടം നികത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി.പി. മംഗലത്തുമഠം: ഭീമമായ നഷ്ടം സഹിച്ചുകൊണ്ടാണ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നടത്തിയത്. ഇതിനുള്ള കാരണം എന്താണെന്ന് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പർ ചോദ്യം തെറ്റിദ്ധരിച്ചു എന്നാണ് തോന്നുന്നത്. ഇത് ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ സംബന്ധിച്ച ചോദ്യമാണ്. ഈ കോർപ്പറേഷൻ തുടങ്ങിയിട്ട് രണ്ടു വർഷമേ ആയിട്ടുള്ളു.

ശ്രീ. ജി.പി. മംഗലത്തുമഠം: ഈ രണ്ടു വർഷത്തിനിടയിൽ ഇത്രകണ്ടു ഭീമമായ നഷ്ടം വന്നതിനെക്കുറിച്ച് അന്വേഷിക്കുമോ എന്നാണ് ചോദിച്ചത്. ഈ നഷ്ടം സംഭവിച്ചത് ഏതു വർഷത്തിലാണ്? അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് എന്ന് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, കോർപ്പറേഷന്റെ പ്രാരംഭ ചെലവുകളും പിന്നീടുള്ള ഡിപ്രീസിയേഷനും മറ്റും കണക്കാക്കിയിട്ടാണ് ഈ നഷ്ടം എന്നു പറഞ്ഞിട്ടുള്ളത്. ഓപ്പറേഷൻ ചെയ്താലല്ലേ ലാഭമോ നഷ്ടമോ എന്നു കണക്കാക്കാൻ പറ്റുകയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിക്കുമ്പോൾ ഇതിന് ഒരു സ്കീം കാണുമല്ലോ. രണ്ടു ബോട്ടുകൾ ഉണ്ടെന്നു പറഞ്ഞു. ആകെ എത്ര ബോട്ടുകളാണ് ഇറക്കാൻ ഉദ്ദേശിക്കുന്നത്? ഏതെല്ലാം പ്രദേശങ്ങളിലേക്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ശ്രീ. കെ. നാരായണക്കുറുപ്പ്: തികച്ചും ചരക്കു ഗതാഗതത്തിനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഈ കോർപ്പറേഷൻ വളരെ പ്രായം കുറഞ്ഞ കോർപ്പറേഷൻ ആണ്. ചരക്കുകളുടെ സ്റ്റോക്കിൽ ബാഹുല്യം എവിടെ ഉണ്ടോ അവിടേയ്ക്കൊക്കെ ഈ ബോട്ട് നീട്ടാൻ ശ്രമിക്കാം. അല്ലാതെ എവിടേയ്ക്കൊക്കെ അതു പോകണമെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് തുടങ്ങിയ കാലത്ത് എഫ്.എ.സി. ടി.യിലേക്ക് വളം, അവർ പുറത്തുനിന്നു ഇറക്കുമതി ചെയ്തിരുന്ന സൾഫർ ഉൾപ്പെടെയുള്ള സാധനങ്ങൾ കൊച്ചിൻ പോർട്ടിൽനിന്ന് എഫ്.എ.സി.ടി.യിലേക്കും അതുപോലെതന്നെ കൊല്ലത്തുള്ള അരി, കശുവണ്ടി തുടങ്ങിയവ കയറ്റുമതി ചെയ്യുന്നതിനും ഉള്ള സ്കീമായിട്ടാണ് ഏർപ്പെടുത്തിയത്. എഫ്.എ.സി.ടി. യുടെ കോൺട്രാക്ട് ലഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുവേണ്ടുന്ന നടപടി തയ്യാറാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എഫ്. എ. സി. ടി. യുടെ കോൺട്രാക്ട് ലഭിച്ചിട്ടില്ല. അത് ബോട്ടിൽ കൊണ്ടുപോയാൽ നഷ്ടം ഉണ്ടാകുമെന്ന ഭയം, അവർക്കു ഉണ്ട്. അവരുടെ ആ ഭയം മാറ്റാനുള്ള കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുന്നു. കൂടുതൽ ചരക്കുകൾ ലഭിക്കുന്നതിനുവേണ്ടിയിട്ട് ബോട്ടിൽ കൊണ്ടുവരുന്ന ചരക്കുകൾ, കരമാർഗ്ഗം കൊണ്ടുപോകാനായിട്ട് ലോറി സർവ്വീസുമായി ലിങ്ക് ചെയ്തുകൊണ്ടു പോകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു.

ശ്രീ. ടി. എ. പരമൻ: 'വാഹിനി' എന്ന ഒരു ബോട്ട് എറണാകുളത്ത് ഉണ്ട്. അത് എവിടെനിന്ന് എപ്പോൾ എങ്ങോട്ട് പോകുമെന്നായാതൊരു അറിവും ഇല്ലാത്ത അവസ്ഥയാണ് ഇപ്പോൾ. അതിനൊരു നിജസ്ഥിതി ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: വാഹിനിയുടെ പോക്കിനെ നിയന്ത്രിക്കാം. വാഹിനി ഇപ്പോഴും തൽക്കാലം ആവശ്യമുള്ളതു് എങ്ങോട്ടാണു് അങ്ങോട്ടേക്കു് വിടുന്നു എന്നേ ഉള്ളു. ക്രമമായ ഒരു സർവീസു് അല്ല അതു്.

ശ്രീ. പി. ബി. ആർ. പിള്ള: ഒരു ഡയറക്ടർ പോലും ഒപ്പു വയ്ക്കാതെ ഇങ്ങനെ ഒരു കോർപ്പറേഷൻ അതിന്റെ ജോലി ചെയ്യുന്നു. വ്യക്തമായ രൂപം ഇല്ലാതെ ഇതിന്റെ പ്രവർത്തനം നിലനിറുത്തണം എന്നു് ഗവൺമെന്റു് വിചാരിക്കുന്നുണ്ടോ? ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിനു് വിധേയമായി ഈ കോർപ്പറേഷന്റെ പ്രവർത്തനം നടത്തിക്കൂടെ? അതിനെപ്പറ്റി ഗവൺമെന്റു് ചിന്തിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വാട്ടർ ട്രാൻസ്പോർട്ടു് കോർപ്പറേഷന്റെയും ഇൻലാൻഡു് വാട്ടർ ട്രാൻസ്പോർട്ടു് കോർപ്പറേഷന്റെയും ഉദ്ദേശം രണ്ടായതുകൊണ്ടു് രണ്ടുംകൂടി ലിങ്കു് ചെയ്യാൻ സാധ്യമല്ല.

ശ്രീ. എസ്. തങ്കപ്പൻപിള്ള: അടുത്തകാലത്തു് വാട്ടർ ട്രാൻസ്പോർട്ടു് കോർപ്പറേഷനെ സംബന്ധിച്ചു് ചില പരാതികളും കിട്ടിയിട്ടുണ്ടോ? ആ പരാതിയുടെ അടിസ്ഥാനത്തിൽ എന്തു നടപടികളും സ്വീകരിച്ചു?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇൻലാൻഡു് വാട്ടർ ട്രാൻസ്പോർട്ടു് കോർപ്പറേഷനെ സംബന്ധിച്ചു് പരാതിയൊന്നും കിട്ടിയിട്ടില്ല.

ശ്രീ. പി.ആർ. ശിവൻ: പ്രധാനമായും ചരക്കു ഗതാഗതത്തിനാണു് ഈ ബോട്ടുകളും ഉപയോഗിക്കുന്നതെന്നു പറഞ്ഞു. എവിടെയെല്ലാം ചരക്കുകളും ഉണ്ടോ അവിടെക്കെല്ലാം ഈ ബോട്ടുകളും വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞു. ചരക്കുഗതാഗതത്തിനുസൗകര്യമില്ലാത്ത സ്ഥലത്തും ചരക്കുകളും ഉണ്ടെന്നുള്ളതുകൊണ്ടു് അങ്ങോട്ടൊക്കെ ഇതു് വ്യാപകമാക്കാൻ കഴിയുമെന്ന മന്ത്രിയുടെ മറുപടി എങ്ങനെ യാഥാർത്ഥ്യമാകും?

ശ്രീ. കെ. നാരായണക്കുറുപ്പ്: എറണാകുളത്തു് ഫെറി സർവീസിൽ കൂടുതൽ ബോട്ടുകളും വേണമെന്നു് ആവശ്യപ്പെട്ടപ്പോൾ ചരക്കുഗതാഗതത്തിനുള്ള ബോട്ടുകളും തൽക്കാലത്തേക്കു് ആളുകളെ കയറ്റിയിറക്കാൻ വേണ്ടി ഉപയോഗിക്കുന്നു. ഇതിന്റെ ഉദ്ദേശം ചരക്കു ഗതാഗതമാണു്.

ശ്രീ. എ.എ. റഹീം: വാട്ടർ ട്രാൻസ്പോർട്ടു് കോർപ്പറേഷനു് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇല്ല. സ്റ്റേറ്റു് ഗവൺമെന്റിന്റെ ബഡ്ജറ്റു് പ്രകാരമുള്ള ചെലവു മാത്രമേ ഉള്ളു.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: എഫ്.എ.സി.ടി. കൊച്ചിൻ ഡിവിഷനിലേക്കു് സാധനങ്ങളും കൊണ്ടുപോകാനും ദൂരെ മാർക്കറ്റിൽ സാധനങ്ങളും എത്തിക്കാനും ആണു് ചമ്പക്കരകനാലിന്റെ വീതി കൂട്ടിയതു്. സാധനങ്ങളും കയറ്റിറക്കുമതി ചെയ്യുന്ന കാര്യത്തിൽ എഫ്.എ.സി.ടി.ക്കു് എന്തെങ്കിലും കരാറിൽ ഏർപ്പെടാൻ വിരോധം ഉണ്ടോ? ഒരു പൊതുമേഖലാ സ്ഥാപനവും ഈ സ്ഥാപനവുമായി എന്തെങ്കിലും കരാർ ഉണ്ടാക്കുന്നതിനു വിരോധം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരു വിരോധവും ഇല്ല. അതേ സംബന്ധിച്ച് ആലോചിച്ചുവരുന്നതേയുള്ളു. ബോട്ടിൽ കയറിറങ്ങുമതിചെയ്താൽ നഷ്ടം സംഭവിക്കും അല്ലെങ്കിൽ അതിൽ ജലാംശം കൊണ്ടു കേടുണ്ടാകും എന്ന ഭയമാണ്. അതൊന്നും സംഭവിക്കാതെ എങ്ങനെ ശരിയായി കൊണ്ടുപോകാം എന്നും മറ്റും കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുന്നു.

ഗവൺമെൻറ് പ്രസ്സുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കാരം

*720 (A) [783] ശ്രീ. വക്കം പുരുഷോത്തമൻ:
,, എം.പി. ഗംഗാധരൻ:
,, ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് പ്രസ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നിർദ്ദേശിക്കുവാൻ സ്പെഷ്യലാഫീസറെ നിയമിക്കുന്നതിന് ഗവൺമെൻറിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്ന് തീരുമാനം ഉണ്ടാകും?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ,

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് എന്നാണെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അടുത്തകാലത്തുള്ള ശമ്പളപരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്..

ശ്രീ. ഇ. നാരായണൻ നായർ: ഗവൺമെൻറ് പ്രസ് ജീവനക്കാർക്ക് കഴിഞ്ഞ പേ റിവിഷൻ നടത്തിയപ്പോൾ എല്ലാ ആനുകൂല്യങ്ങളും കൊടുത്തിട്ടുണ്ടോ? ഏതുകാലത്താണ് അവരുടെ നിലവിലുള്ള ശമ്പളം നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ അടുത്തകാലത്തുള്ള റിവിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 146-ാം പേജിൽ ഉണ്ട് അത്.

ശ്രീ. ഇ. നാരായണൻ നായർ: പേ റിവിഷൻ നടത്തിയിട്ടുള്ളത് ഗവൺമെൻറ് ജീവനക്കാർക്കാണ്. ഗവൺമെൻറ് പ്രസ്സിൽ ഗവൺമെൻറ് ജീവനക്കാരല്ലാത്ത ഒരു വിഭാഗം ജീവനക്കാരുണ്ട്. ഗവൺമെൻറ് ജീവനക്കാരുടെ നിർവചനത്തിൽപെടാത്ത ഈ ആളുകൾക്ക് വല്ല ആനുകൂല്യവും കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly